**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3501** **26-06-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്ന ശേഷം രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | *ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിനായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച ശിപാർശയിൽ സർവീസ് സംഘടനകളുമായി ചർച്ച നടത്തുകയും, ആയതിന്റെ കൂടി അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിജ്ഞാപനം സർക്കാർ പരിശോധിച്ച് വരികയുമാണ്.* |
| (ബി) | 1908-ലെ രജിസ്ട്രേഷൻ ആക്റ്റ് ഭേദഗതി ചെയ്യുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതു കൊണ്ട് എന്തെല്ലാം മാറ്റങ്ങളാണ് രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | 1908-ലെ രജിസ്ട്രേഷൻ ആക്റ്റ് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച The Registration Kerala Amendment Bill, 2023 സർക്കാരിന്റെ പരിഗണനയിലാണ്. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി രജിസ്ട്രേഷൻ നടപടികളിൽ വന്നിട്ടുള്ള മാറ്റങ്ങൾക്ക് അനുസൃതമായ ഭേദഗതി, കുറവ് രജിസ്ട്രേഷൻ ഫീസ് റിക്കവർ ചെയ്യുന്നതിനുള്ള കാലയളവ് തീരുമാനിക്കുന്നതിന് സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുന്നതിനുള്ള ഭേദഗതി, ചതി, വഞ്ചന എന്നിവയിലൂടെ വ്യാജ ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നതു കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി അത്തരം ആധാരങ്ങൾ റദ്ദ് ചെയ്യുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അധികാരം നൽകികൊണ്ടുള്ള ഭേദഗതി, ഒരു വർഷത്തിൽ താഴെയുള്ളതും വാണിജ്യാവശ്യങ്ങളുമായി ബന്ധപ്പെട്ടുള്ളതുമായ ലീസാധാരങ്ങൾ, Deposit of title deed, കോടതി സ്യൂട്ടുമായി ബന്ധപ്പെട്ടുള്ള നോട്ടീസുകൾ തുടങ്ങിയവ നിർബന്ധമായും രജിസ്റ്റർ ചെയ്യുന്നതിനുള്ള ഭേദഗതി, കോടതിയിൽ നിന്നുള്ള ഭാഗപത്ര ഡിക്രികൾ, ഇൻജക്ഷൻ ഉത്തരവുകൾ എന്നിവ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്നതിനുള്ള ഭേദഗതി, നിയമവിരുദ്ധമായി കൈമാറുന്ന വനഭൂമികളുമായി ബന്ധപ്പെട്ടുള്ള ആധാരങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | ഭേദഗതി എന്നിവയാണ് നിലവിൽ പരിഗണനയിലുള്ളത്. |

സെക്ഷൻ ഓഫീസർ